## പ്രവാസി ഭദ്രത – മെഗാ

സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി മുഖാന്തരം നടപ്പിലാക്കുന്ന സംരംഭകത്വ ധനസഹായപദ്ധതിയിൽ ഗുണഭോക്താക്കളായ പ്രവാസീ കേരളീയർക്ക് അനുവദിക്കുന്ന വായ്പകൾക്ക് പലിശ സബ്സീഡി. 25 ലക്ഷം മതൽ 2 കോടി രൂപ വായ്പകൾക്കാണ് പലിശ സബ്സീഡി. 8.25% മുതൽ 8.75% വരെ പലിശ ഈടാക്കുന്ന വായ്പകളിൽ ആദ്യ നാല് വർഷം 5% മാത്രം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബാക്കി 3.25% മുതൽ 3.75% വരെ പലിശ ഗുണഭോക്താക്കൾക്ക് പലിശ സബ്സീഡി ഇനത്തിൽ തിരികെ നൽകുന്നതായിരിക്കും.

- കെ.എസ്.ഐ.ഡി.സി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നോർക്ക–റൂട്ട്സ് പലിശ സബ്സീഡി വിതരണം ചെയ്യുന്നതായിരിക്കും
- ലോൺ അപേക്ഷകൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ച് ലോൺ അനുവദിക്കുന്ന പക്ഷം പലിശ സബ്സീഡിക്കായി നോർക്ക–റൂട്ട്സിലേക്ക് സമർപ്പിക്കേണ്ടതാണ്.
- കൃത്യമായ തിരിച്ചടവുകൾക്ക് ത്രൈമാസക്കാലയളവിൽ പലിശസബ്സീഡി അനുവദിക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്കായി : 1800 890 1030

ഈ–മെയിൽ : pravasinorkaprojects@gmail.com